**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6319 | 31.10.2011ൽ മറുപടിയ്ക്ക് |
|---|---|
| **പോഷകാഹാര കരട് നയവും കുഞ്ഞുങ്ങളും** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, കെ. ശിവദാസൻ നായർ**<br>**,, വർക്കല കഹാർ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) പോഷകാഹാര കരടു നയത്തിൽ പിഞ്ചു കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം ശുപാർശകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്; | (എ) പിഞ്ചു കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് താഴെ പറയുന്ന ശുപാർശകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്;<br>• ഗർഭസ്ഥ ശിശുക്കളുടെ മസ്തിഷ്ക വളർച്ചയ്ക്കാവശ്യമായ പോഷകങ്ങൾ ഉറപ്പു വരുത്തുക.<br>• മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക.<br>• പ്രീ-സ്കൂൾ കുട്ടികൾക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ വീടുകളിൽ ഉണ്ടാക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.<br>• പൂരക പോഷകാഹാര പദ്ധതികളിലും (ഐസിഡിഎസ്) ഉച്ചഭക്ഷണ പരിപാടികളിലും പച്ചക്കറികളും ഫലവർഗ്ഗങ്ങളും ഉൾപ്പെടുത്തുക.<br>• കുട്ടികളുടെ വളർച്ച നിരീക്ഷിക്കുവാൻ അമ്മമാരെ പഠിപ്പിക്കുകയും ആയതിനുള്ള വളർച്ചാ നിരീക്ഷണ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.<br>• ശിശുക്കൾക്കായുള്ള ചികിത്സ ലഭ്യമാക്കുന്ന എല്ലാ ആശുപത്രികളിലും പോഷകാഹാര വിദഗ്ദരുടെയും അനുബന്ധ ഉപകരണങ്ങളുടെയും സേവനം ലഭ്യമാക്കുക. |

| | | |
|---|---|---|
| | | • എല്ലാ സ്കൂളുകളിലും പ്ലേ സ്കൂളുകളിലും ന്യൂട്രീഷൻ സെൽ രൂപീകരിക്കുക. |
| (ബി) | വീടുകളിൽ ഉണ്ടാക്കുന്ന ആഹാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നയത്തിൽ മുൻഗണന നൽകുമോ; | (ബി) വീടുകളിൽ ഉണ്ടാക്കുന്ന ആഹാരം പ്രോത്സാഹിപ്പിക്കുവാൻ കരട് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇവരുടെ ആരോഗ്യ സംരക്ഷണത്തിന് നയത്തിൽ പ്രത്യേക പാക്കേജ് ഉൾപ്പെടുത്തുമോ? | (സി) കരട് നയത്തിന് അന്തിമ രൂപം നൽകിയിട്ടില്ല. ആയത് പരിശോധിച്ചതിനു ശേഷമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

R. Vijayal

സെക്ഷൻ ഓഫീസർ